നെടുമുടി വേണുവിന് വി. സാംബശിവൻ പുരസ്കാരം

കൊല്ലം: വി. സാംബശിവൻ സാംസ്കാരിക സമിതി ഏർപ്പെടുത്തിയ സാംബശിവൻ പുരസ്കാരത്തിന് നടൻ നെടുമുടിവേണു അർഹനായി. മേല്പ്പൂട്ട് ശാരദ മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റ് നൽകുന്ന 25001 രൂപയും ഫലകവും അടങ്ങുന്ന പുരസ്കാരം 23ന് വൈകിട്ട് 5.30ന് ചവറ സൗത്ത് നടയ്ക്കാവ് മൈതാനത്ത് ചേരുന്ന ചടങ്ങിൽ ചലച്ചിത്ര അക്കാഡമി ചെയർമാൻ ലെനിൻ രാജേന്ദ്രൻ സമർപ്പിക്കുമെന്ന് സമിതി സെക്രട്ടറി ആർ. ഷാജിശർമ്മ വാർത്താസമ്മേളനത്തിൽ അറിയിച്ചു. സാംബശിവൻ പ്രതിഭാ പുരസ്കാരത്തിന് പ്രഭാവർമ്മ അർഹനായി. താക്കോൽദ്വാര ശസ്ത്രക്രിയാ വിദഗ്ദ്ധൻ ഡോ. ബൈജു സേനാധിപനെ ആദരിക്കും.

എൻജി., ഫാർമസി എൻട്രൻസ് തിങ്കളാഴ്ച മുതൽ, 1.12 ലക്ഷം പേർ എഴുതും

തിരുവനന്തപുരം: എൻജിനിയറിംഗ്, ഫാർമസി പ്രവേശനപരീക്ഷയുടെ ഒരുക്കങ്ങളെല്ലാം പൂർത്തിയായതായി എൻട്രൻസ് കമ്മിഷണർ അറിയിച്ചു. എൻജിനിയറിംഗ് പരീക്ഷ 1,06,260 പേരും ഫാർമസി പരീക്ഷ 5,865പേരും എഴുതുന്നുണ്ട്. 24, 25 തീയതികളിലാണ് എൻജിനിയറിംഗ് പരീക്ഷ. ഫാർമസിക്ക് പ്രവേശനം തേടുന്നവർ 24ന് എൻജിനിയറിംഗ് എൻട്രൻസിന്റെ ഒന്നാം പേപ്പർ ഫിസിക്സ്, കെമിസ്ട്രിയാണ് എഴുതേണ്ടത്. സംസ്ഥാനത്ത് 307 കേന്ദ്രങ്ങളിലും ഡൽഹിയിൽ രണ്ടും മുംബയ്, ദുബായ് എന്നിവിടങ്ങളിലെ ഓരോ കേന്ദ്രങ്ങളിലുമടക്കം ആകെ 311 കേന്ദ്രങ്ങളിലാണ് പരീക്ഷ, രണ്ടു പരീക്ഷയ്ക്കും കൂടി 1,12,125 കുട്ടികളാണ് അപേക്ഷിച്ചിട്ടുള്ളത്. പരീക്ഷാ നടത്തിപ്പിനായി സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപകരും വിദ്യാഭ്യാസ വകുപ്പിലെ ഉദ്യോഗസ്ഥരുമടക്കം 7000പേരെ നിയോഗിച്ചിട്ടുണ്ട്. സ്കൂളുകളിലും കോളേജുകളിലുമാണ് പരീക്ഷാകേന്ദ്രങ്ങൾ. അഡ്മിറ്റ് കാർഡുകൾ വെബ്സൈറ്റിലൂടെ ലഭ്യമാക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾ അഡ്മിറ്റ് കാർഡിന്റെ കളർ പ്രിന്റൗട്ട് ഹാജരാക്കണം. പ്രവേശന പരീക്ഷകളുടെ നടത്തിപ്പിന് ഉദ്യോഗസ്ഥർക്കും പൊലീസിനും നിർദ്ദേശങ്ങൾ നൽകിയതായി പ്രവേശനപരീക്ഷാ കമ്മിഷണർ അറിയിച്ചു.

മൺസൂൺ ആർക്കിടെക്ചർ ഫെസ്റ്റിവലിന് ഇന്ന് തുടക്കം

കൊച്ചി: ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ആർക്കിടെക്ട്സ് (ഐ. ഐ. എ) കൊച്ചി സെന്റർ ബോൾഗാട്ടി പാലസിൽ സംഘടിപ്പിക്കുന്ന മൺസൂൺ ആർക്കിടെക്ചർ ഫെസ്റ്റിവൽ ഇന്ന് ആരംഭിക്കും. ഫെസ്റ്റിവൽ ഐ.ഐ.എ ദേശീയ പ്രസിഡന്റ് ദിവ്യ ഖുഷ് രാവിലെ 10ന് ഉദ്ഘാടനം ചെയ്യും. സിവിൽ സപ്ലൈസ് കോർപറേഷൻ ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ എ.പി.എം. മുഹമ്മദ് ഹനീഷ് മുഖ്യാതിഥിയാകും. ദേശീയ സെക്രട്ടറി ലാലിച്ചൻ സക്കറിയാസ്, കൊച്ചി സെന്റർ ചെയർമാൻ വി.എൻ. രാമചന്ദ്രൻ തുടങ്ങിയവർ പങ്കെടുക്കും. ഫെസ്റ്റിവലിന്റെ ഭാഗമായി ഇന്ന് നടക്കുന്ന ടെക്നിക്കൽ സെഷനിൽ അന്താരാഷ്ട്ര തലത്തിൽ പ്രശസ്തരും മൺസൂൺ മേഖലകളിൽ മികച്ച പദ്ധതികൾ രൂപകല്പന ചെയ്ത ആർക്കിടെക്ടുകളുമായ ഡോ. കെൻ യങ് (മലേഷ്യ), രാഹുൽ മെഹ്റോത്ര (ഇന്ത്യ), കാഷെഫ് ചൗധുരി (ബംഗ്ലാദേശ്) തുടങ്ങിയവർ സംസാരിക്കും. മൺസൂൺ മേഖലകളിലെ കാലാവസ്ഥയ്ക്കനുയോജ്യമായ തരത്തിൽ രൂപകല്പന ചെയ്ത പദ്ധതികളെക്കുറിച്ചും അനുഭവങ്ങളും അവർ അവതരിപ്പിക്കും. കൊച്ചി സെന്ററിന്റെ ആഭിമുഖ്യത്തിൽ രണ്ട് വർഷമായി നടക്കുന്ന ലിവിംഗ് മൺസൂൺ പരിപാടിയുടെ സമാപനം കൂടിയാണ് മൺസൂൺ ആർക്കിടെക്ചർ ഫെസ്റ്റിവൽ. ലിവിംഗ് മൺസൂൺ പരിപാടിയിൽ പങ്കെടുത്ത പ്രശസ്ത ആർക്കിടെക്ടുകളുടെ പ്രഭാഷണ പരമ്പരകൾ കോർത്തിണക്കുന്ന പുസ്തകത്തിന്റെ പ്രകാശനവും ഇന്ന് നടക്കും. ലിവിംഗ് മൺസൂൺ എന്ന വിഷയത്തിൽ പ്രദർശനവും ഇൻസ്റ്റലേഷനുകളും ശില്പശാലകളും ഫുഡ് ഫെസ്റ്റിവലും കലാപരിപാടികളും ഉണ്ടാവും. എണ്ണൂറോളം ആർക്കിടെക്ടുകളാണ് ഫെസ്റ്റിവലിൽ പങ്കെടുക്കുന്നത്. ഫെസ്റ്റിവൽ നാളെ സമാപിക്കും.

സായുധസേനയിൽ 72 എസ്.ഐമാർക്ക് സ്ഥാനക്കയറ്റം

തിരുവനന്തപുരം: സംസ്ഥാന ആംഡ് പൊലീസ് ബറ്റാലിയനിൽ 72 സബ് ഇൻസ്പെക്ടർമാർക്ക് ഇൻസ്പെക്ടർമാരായി സ്ഥാനക്കയറ്റം. 10 വർഷത്തിന് ശേഷമാണ് ഈ വിഭാഗത്തിൽ പ്രൊമോഷൻ നടപ്പാക്കുന്നത്.

സർവീസ് സംബന്ധമായ പ്രശ്നങ്ങളും കോടതി കേസുകളും സമയബന്ധിതമായി സീനിയോറിട്ടി ലിസ്റ്റ് തയ്യാറാക്കാത്തതുമാണ് സ്ഥാനക്കയറ്റം യഥാസമയം നടക്കാതിരുന്നതിന് കാരണം. മുൻസർക്കാരിന്റെ കാലംമുതൽ ഈ ആവശ്യം ഉയർന്നിരുന്നു. സർക്കാരിന്റെയും പബ്ലിക് സർവീസ് കമ്മിഷന്റെയും പൊലീസ് ആസ്ഥാനത്തിന്റെയും ഒത്തൊരുമിച്ചുള്ള പ്രവർത്തനമാണ് ഇപ്പോൾ ഇത്രയും പേരുടെ പ്രൊമോഷന് വഴിയൊരുക്കിയത്. സ്പോർട്സ് ക്വാട്ടയിലും മറ്റും തിരഞ്ഞെടുക്കപ്പെടുന്ന അധികം പേരെയും നിയമിക്കാറുള്ളത് ആംഡ് പൊലീസ് ബറ്റാലിയനിലേക്കാണ്.

സ്ഥാനക്കയറ്റം ലഭിച്ചവരുടെ പേരു വിവരവും നിയമനം ലഭിച്ച സ്ഥലവും ചുവടെ. ബ്രാക്കറ്റിൽ നിലവിൽ ജോലി ചെയ്യുന്ന സ്ഥലം.

കെ.വി. ജയന്ത്- എം.എസ്.പി, മലപ്പുറം (ആർ.ആർ.ആർ.എഫ്, പാണ്ടിക്കാട്), കെ.എം. സിറാജ് - കെ.എ.പി-1, തൃശ്ശൂർ (കെ.എ.പി-1, തൃശ്ശൂർ), പി.പി. ഹെൻട്രി ഷാജൻ - കെ.എ.പി-1, തൃശ്ശൂർ (എസ്.ബി.സി.ഐ.ഡി), എം. ബാബുരാജൻ - കെ.എ.പി-4, കണ്ണൂർ (കെ.എ.പി-4, കണ്ണൂർ), പി.കെ. സ്റ്റീഫൻ - കെ.എ.പി-1, തൃശ്ശൂർ (കെ.എ.പി-1, തൃശ്ശൂർ), എം.പി. കലാധരൻ - കേരള പൊലീസ് അക്കാഡമി, തൃശ്ശൂർ (കേരള പൊലീസ് അക്കാഡമി, തൃശ്ശൂർ), രാജു എബ്രഹാം - കെ.എ.പി-3, അടൂർ (എസ്.ബി.സി.ഐ.ഡി), ഹബീബ് റഹ്മാൻ - എം.എസ്.പി, മലപ്പുറം (എം.എസ്.പി, മലപ്പുറം), മനോജ് സെബാസ്റ്റ്യൻ - കെ.എ.പി-5, കുട്ടിക്കാനം (എം.എസ്.പി, മലപ്പുറം), കെ.എസ്. ബിനു - എം.എസ്.പി, മലപ്പുറം (എസ്.ബി.സി.ഐ.ഡി), അജിത്ത് കുമാർ സി.പി. - എം.എസ്.പി, മലപ്പുറം (ആർ.ആർ.ആർ.എഫ്, പാണ്ടിക്കാട്), രാജേഷ്.ആർ - കെ.എ.പി-1, തൃശ്ശൂർ (കെ.എ.പി-1, തൃശ്ശൂർ), മനോജ് കെ. നായർ - കെ.എ.പി-1, തൃശ്ശൂർ (ആർ.ആർ.ആർ.എഫ്, പാണ്ടിക്കാട്), പി. ജമാലു - കെ.എ.പി-2, പാലക്കാട് (കെ.എ.പി-2, പാലക്കാട്), എൻ.ജെ. ദേവസ്യ - എം.എസ്.പി, മലപ്പുറം (എം.എസ്.പി, മലപ്പുറം), ബാലൻ.കെ - എം.എസ്.പി, മലപ്പുറം (കെ.എ.പി-3, അടൂർ), പി.ജി. ശശീന്ദ്രൻ - കേരള പൊലീസ് അക്കാഡമി (പൊലീസ് അക്കാഡമി, തൃശ്ശൂർ), കെ.എം. ജീവാനന്ദ്- കേരള പൊലീസ് അക്കാഡമി, തൃശ്ശൂർ (കേരള പൊലീസ് അക്കാഡമി, തൃശ്ശൂർ) കെ.സി. അയ്യപ്പൻ - കേരള പൊലീസ് അക്കാഡമി, തൃശ്ശൂർ (കേരള പൊലീസ് അക്കാഡമി, തൃശ്ശൂർ), വി.ടി. ബാബു - കെ.എ.പി-5, കുട്ടിക്കാനം (കെ.എ.പി-5, കുട്ടിക്കാനം), കണ്ണൻ - ബി.ഡി.ഡി.എസ്, എസ്.ബി.സി.ഐ.ഡി, കോഴിക്കോട് റേഞ്ച് (ബി.ഡി.ഡി.എസ്, എസ്.ബി.സി.ഐ.ഡി, കോഴിക്കോട് റേഞ്ച്), ആർ. സുരേഷ് - കെ.എ.പി-2, പാലക്കാട് (കെ.എ.പി-2, പാലക്കാട്), സുന്ദരൻ സി. - കേരള പൊലീസ് അക്കാഡമി, തൃശ്ശൂർ (കെ.എ.പി-4, കണ്ണൂർ), രവി.കെ - കെ.എ.പി-5, കുട്ടിക്കാനം (കെ.എ.പി- 5, കുട്ടിക്കാനം), ചിദംബരൻ.പി.വി- കെ.എ.പി-3, അടൂർ (കെ.എ.പി-3, അടൂർ), രാജു.കെ- എസ്.എ.പി, തിരുവനന്തപുരം (എസ്.ബി.സി.ഐ.ഡി), മുഹമ്മദ് നസീർ- കെ.എ.പി-1, തൃശ്ശൂർ (കെ.എ.പി-1, തൃശ്ശൂർ), സത്യനാഥൻ- കെ.എ.പി-4, കണ്ണൂർ (കെ.എ.പി-4, കണ്ണൂർ), പി.എസ്. രവീന്ദ്രൻ- കെ.എ.പി-2, പാലക്കാട്, (കെ.എ.പി-1, തൃശ്ശൂർ), വിഷ്ണുകുമാർ.വി- എസ്.എ.പി, തിരുവനന്തപുരം (എസ്.എ.പി, തിരുവനന്തപുരം), പത്മകുമാർ.എൻ.കെ- കെ.എ.പി-3, അടൂർ (കെ.എ.പി-3, അടൂർ), അശോക്കുമാർ- കെ.എ.പി-3, അടൂർ (കെ.എ.പി-3, അടൂർ), സുരേഷ്.വി- കെ.എ.പി-2, പാലക്കാട്, (ആർ.ആർ.ആർ.എഫ്, പാണ്ടിക്കാട്), സുരേഷ്കുമാർ.ജി- കെ.എ.പി-2, പാലക്കാട് (എസ്.ഐ.ബി), ചന്ദ്രകുമാർ.സി- കെ.എ.പി-2, പാലക്കാട് (കെ.എ.പി-3, അടൂർ), കുട്ടിച്ചൻ.എം.സി- കെ.എ.പി- 4, കണ്ണൂർ (കെ.എ.പി -4, കണ്ണൂർ), ഷിബു.എസ്- കെ.എ.പി-3, അടൂർ (കെ.എ.പി-3, അടൂർ), മണികണ്ഠൻ- കെ.എ.പി-2, പാലക്കാട് (കെ.എ.പി-2, പാലക്കാട്), അജി ചാൾസ്.സി- കെ.എ.പി-3, അടൂർ (കെ.എ.പി-3, അടൂർ), സുജിത്.എസ്.എസ്- മറൈൻ എൻഫോഴ്സ്മെന്റ്, കോഴിക്കോട് (മറൈൻ എൻഫോഴ്സ്മെന്റ്, കോഴിക്കോട്), രവീന്ദ്രനാഥ്.കെ.എൻ- കെ.എ.പി-4, കണ്ണൂർ (കെ.എ.പി-4, കണ്ണൂർ), സിജു.എസ്- എസ്.എ.പി, തിരുവനന്തപുരം (കെ.എ.പി-2, പാലക്കാട്), ഹരി.എം- കെ.എ.പി-4, കണ്ണൂർ (ഐ.ആർ ബറ്റാലിയൻ, തൃശ്ശൂർ), രതീഷ്.എം- കെ.എ.പി-2, പാലക്കാട് (എസ്.ബി.സി.ഐ.ഡി), സ്റ്റാർമോൻ പിള്ള- കെ.എ.പി-1, തൃശ്ശൂർ (കെ.എ.പി-1, തൃശ്ശൂർ), സജീഷ് ബാബു.എൻ.വി- കെ.എ.പി-4, കണ്ണൂർ (എസ്.ഐ.എസ്.എഫ്), സതീഷ് ചന്ദ്രൻ നായർ.എസ്- എസ്.എ.പി, തിരുവനന്തപുരം (കെ.എ.പി-1, തൃശ്ശൂർ), ഗോപൻ.വി- എസ്.എ.പി, തിരുവനന്തപുരം (എസ്.പി.എസ്.ടി.എസ്), ശ്രീകുമാരൻ നായർ.ആർ- പൊലീസ് ട്രെയിനിംഗ് കോളേജ്, തിരുവനന്തപുരം (എസ്.ബി.സി.ഐ.ഡി), എം.സി. വേലായുധൻ- കെ.എ.പി-2, പാലക്കാട് (ബ്യൂറോ ഒഫ് എമിഗ്രേഷൻ), മോഹൻ കുമാർ.എ.ആർ- കെ.എ.പി-3, അടൂർ (കെ.എ.പി-5, കുട്ടിക്കാനം), ദേവകിദാസ്.എസ്- എം.എസ്.പി, മലപ്പുറം (ബ്യൂറോ ഒഫ് എമിഗ്രേഷൻ), സമീർഖാൻ.വൈ- കെ.എ.പി-1, തൃശ്ശൂർ (ബ്യൂറോ ഒഫ് എമിഗ്രേഷൻ), സുരേഷ്.കെ- കെ.എ.പി-4, കണ്ണൂർ (കെ.എ.പി-4, കണ്ണൂർ), നിഷൂർ.എസ്.എസ്- കെ.എ.പി-3, അടൂർ (കെ.എ.പി-3, അടൂർ), രാജേഷ്.കെ.വി- കെ.എ.പി-1, തൃശ്ശൂർ (ബ്യൂറോ ഒഫ് എമിഗ്രേഷൻ), സോമരാജൻ.ഐ.വി- കെ.എ.പി-4, കണ്ണൂർ (എസ്.ഐ.എസ്.എഫ്), വി. കൃഷ്ണൻകുട്ടി- ആർ.ആർ.ആർ.എഫ് (കെ.എ.പി-3, അടൂർ), വൽസൻ.കെ.എ- എം.എസ്.പി, മലപ്പുറം (കെ.എ.പി-1, തൃശ്ശൂർ), ഉല്ലാസൻ.പി.എസ്- കേരള പൊലീസ് അക്കാഡമി, തൃശ്ശൂർ (കേരള പൊലീസ് അക്കാഡമി, തൃശ്ശൂർ), ശശിധരൻ.കെ.വി- കേരള പൊലീസ് അക്കാഡമി, തൃശ്ശൂർ (കേരള പോലീസ് അക്കാഡമി, തൃശ്ശൂർ), ബാലകൃഷ്ണൻ.എൻ- കെ.എ.പി-2, പാലക്കാട് (ബ്യൂറോ ഒഫ് എമിഗ്രേഷൻ), രാധാകൃഷ്ണൻ.ടി.ജി- കെ.എ.പി-1, തൃശ്ശൂർ (കെ.എ.പി-3, അടൂർ), കെ.പി. ഗോപി- കേരള പൊലീസ് അക്കാഡമി, തൃശ്ശൂർ (കേരള പൊലീസ് അക്കാഡമി, തൃശ്ശൂർ), സി. ശ്രീകുമാരൻ- എസ്.എ.പി, തിരുവനന്തപുരം (കെ.എ.പി-3, അടൂർ), തോമസ്.കെ.ജെ- കെ.എ.പി-3, അടൂർ (എം.എസ്.പി, മലപ്പുറം), ജിജിമോൻ.പി.എം- കെ.എ.പി-5, കുട്ടിക്കാനം (കെ.എ.പി-5, കുട്ടിക്കാനം), വിജയകുമാർ.എ- ഐ.ആർ ബറ്റാലിയൻ (ഐ.ആർ ബറ്റാലിയൻ), ജയകുമാർ.കെ- എസ്.എ.പി, തിരുവനന്തപുരം (എസ്.ബി.സി.ഐ.ഡി), ബാബു.എസ്- കെ.എ.പി-5, കുട്ടിക്കാനം (എസ്.ബി.സി.ഐ.ഡി), പ്രകാശ് ബി. നായർ- കെ.എ.പി-5, കുട്ടിക്കാനം (കെ.എ.പി-5, കുട്ടിക്കാനം), അനിൽകുമാർ.ബി- കെ.എ.പി-3, അടൂർ (എസ്.എ.പി, തിരുവനന്തപുരം).

ചർച്ചയിൽ നിന്ന് വി.സിയും ഉദ്യോഗസ്ഥരും മുങ്ങി

എൻജിനിയറിംഗ് പഠനം കുളമാക്കി സാങ്കേതിക സർവകലാശാല

- ഫലപ്രഖ്യാപനം വൈകുന്നു, വിദ്യാർത്ഥികൾ കൂട്ടത്തോടെ ഇയർഔട്ട്

തിരുവനന്തപുരം: സ്വകാര്യ കമ്പനിക്ക് കോടികൾ നൽകി പരീക്ഷാനടത്തിപ്പും ഫലപ്രഖ്യാപനവും ഓൺലൈനിലൂടെയാക്കിയിട്ടും സാങ്കേതിക സർവകലാശാലയിൽ പരീക്ഷാഫലം വൈകുന്നതിനാൽ വിദ്യാർത്ഥികൾ കൂട്ടത്തോടെ ഇയർഔട്ടാവുന്നു. സർവകലാശാലയുടെ തലപ്പത്തുള്ളവരുടെ പിടിപ്പുകേടു മൂലം ആയിരക്കണക്കിന് വിദ്യാർത്ഥികൾക്ക് എൻജിനിയറിംഗ് പഠനം തുടരാനാവാത്ത സ്ഥിതിയിലാണ്. സെമസ്റ്റർ പരീക്ഷകളുടെയും സപ്ലിമെന്ററി പരീക്ഷകളുടെയും ഫലം കൃത്യസമയത്ത് പ്രസിദ്ധീകരിക്കാനാവാത്തതിനെക്കുറിച്ച് വിശദീകരിക്കാൻ വിദ്യാർത്ഥി സംഘടനാ നേതാക്കളെ ഇന്നലെ വിളിച്ചുവരുത്തി വൈസ്ചാൻസലർകുഞ്ചെറിയ ഐസക്കും പി.വി.സി അബ്ദുൾറഹ്മാനും പ്രഹസനം കാട്ടി. രജിസ്ട്രാർ ഡോ.പത്മകുമാറും യോഗത്തിൽ പങ്കെടുക്കാതെ മുങ്ങിയതോടെ പരീക്ഷാഫലം വൈകുന്നതിനെക്കുറിച്ചുള്ള വിദ്യാർത്ഥികളുടെ ചോദ്യങ്ങൾക്ക് മറുപടിനൽകാനാകാതെ അക്കാഡമിക് ഡീൻ ഡോ. ശ്രീകുമാർ വലഞ്ഞു. 29ന് നടക്കുന്ന അക്കാഡമിക് കമ്മിറ്റി യോഗത്തിൽ പ്രശ്നങ്ങൾ അവതരിപ്പിക്കാം എന്ന മറുപടി മാത്രമാണ് ലഭിച്ചതെന്ന് വിദ്യാർത്ഥി പ്രതിനിധികൾ പറഞ്ഞു. വൈസ്ചാൻസലർ, പ്രോ വൈസ്ചാൻസലർ, രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ തുടങ്ങിയവരൊന്നും യോഗത്തിനെത്തിയില്ല. ചർച്ച പ്രഹസനമാക്കിയതിൽ വിദ്യാർത്ഥി സംഘടനാ പ്രതിനിധികൾ അസംതൃപ്തി അറിയിച്ചു.

ഇയർ ഔട്ട് സംവിധാനം പിൻവലിക്കുക, ഇന്റേണൽ മാർക്കിന്റെ പേരിലുള്ള പീഡനം അവസാനിപ്പിക്കുക, ക്രെഡിറ്റുകളുടെ എണ്ണം കുറയ്ക്കുക, പരീക്ഷാനടത്തിപ്പിൽ നിന്ന് സ്വകാര്യ ഏജൻസിയുടെ പങ്കാളിത്തം ഒഴിവാക്കുക, സെമസ്റ്റർ രീതി ഒഴിവാക്കി വാർഷിക കോഴ്സ് നടപ്പിലാക്കുക, സർവകലാശാലയുടെ എക്സിക്യൂട്ടീവ് കൗൺസിലിൽ വിദ്യാർത്ഥി പ്രാതിനിദ്ധ്യം ഉറപ്പാക്കുക, കാമ്പസുകളിൽ വിദ്യാർത്ഥി സംഘടനാ സ്വാതന്ത്ര്യം അനുവദിക്കുക, സർവകലാശാലതലത്തിൽ കലോത്സവം, കായികമേള എന്നിവ സംഘടിപ്പിക്കുക, പരീക്ഷാഫലം സമയബന്ധിതമായി പ്രസിദ്ധീകരിക്കുക, വേനൽ അവധിക്കാലത്തെ അദ്ധ്യയനം ഒഴിവാക്കുക, മുഴുവൻ വിഷയങ്ങൾക്കും പഠന ബോർഡുകൾ രൂപീകരിക്കുക തുടങ്ങിയ ആവശ്യങ്ങളാണ് ചർച്ചയിൽ വിദ്യാർത്ഥി നേതാക്കൾ ഉന്നയിച്ചത്.

സർവകലാശാല അക്കാഡമിക് കമ്മിറ്റി അംഗങ്ങളായ ഡോ. വൃന്ദ, ഡോ. ഷാജി എന്നിവരും എസ്.എഫ്.ഐ സംസ്ഥാന വൈസ് പ്രസിഡന്റ് പ്രതിൻ എസ്. കൃഷ്ണ, കെ.എസ്.യു ഭാരവാഹികളായ ജെ.എസ്. അഖിൽ, റിങ്കു പടിപ്പുരയിൽ, എം.എസ്.എഫ് ഭാരവാഹികളായ നിഷാദ് കെ. സലീം, ഷരീഫ് വടക്കയിൽ തുടങ്ങിയവർ ചർച്ചയ്ക്കെത്തിയിരുന്നു.

ഫലപ്രഖ്യാപനം കുളമായി

- സോഫ്ട്‌വെയറിലെ തകരാർ ഫലപ്രഖ്യാപനം വൈകിപ്പിക്കുന്നു
- ജയിച്ച വിഷയങ്ങൾ തോറ്റതായി സോഫ്ട്‌വെയറിൽ
- പുനർമൂല്യനിർണയത്തിന് നൽകിയപ്പോൾ മെച്ചപ്പെട്ട മാർക്ക്
- സപ്ലിമെന്ററി ഫലം മാസങ്ങൾ വൈകുന്നു

4.5 ലക്ഷം ജീവനക്കാർക്കും 5 ലക്ഷം പെൻഷൻകാർക്കും പ്രയോജനം

ജീവനക്കാർക്കും പെൻഷൻകാർക്കും ഇൻഷ്വറൻസ്

തിരുവനന്തപുരം: സർക്കാർ ജീവനക്കാർക്കും സർക്കാർ പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. പത്താം ശമ്പളപരിഷ്കരണ കമ്മിഷന്റെ ശുപാർശയനുസരിച്ചാണ് തീരുമാനം. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാകുന്നതുവരെ നിലവിലുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് തുടരും. പുതിയ തീരുമാനം സംസ്ഥാനത്തെ നാലര ലക്ഷം വരുന്ന ജീവനക്കാർക്കും അദ്ധ്യാപകർക്കും അഞ്ച് ലക്ഷം പെൻഷൻകാർക്കുമാണ് പ്രയോജനം ചെയ്യുക.

ഇൻഷ്വറൻസ് പദ്ധതിയിലേക്ക് പ്രതിമാസം 300 രൂപ ജീവനക്കാരിൽ നിന്ന് ഈടാക്കും. പെൻഷൻകാർക്ക് ഇപ്പോൾ മെഡിക്കൽ അലവൻസായി നൽകുന്ന 300 രൂപ ഇൻഷ്വറൻസ് പ്രീമിയമായി അടയ്ക്കും. ആരോഗ്യ ഇൻഷ്വറൻസ് വരുമ്പോൾ നിലവിലുള്ള പലിശരഹിത ചികിത്സാ വായ്പയും നിറുത്തലാക്കും.

മെഡിക്കൽ റീഇംബേഴ്സ്മെന്റ് (70 കോടി രൂപ), പെൻഷൻകാർക്കുള്ള മെഡിക്കൽ അലവൻസ് (150 കോടി രൂപ), പലിശരഹിത ചികിത്സാവായ്പ (10കോടി) എന്നിവയ്ക്ക് സർക്കാർ ഇപ്പോൾ വർഷം 230 കോടി രൂപ ചെലവാക്കുന്നുണ്ട്. ആരോഗ്യ ഇൻഷ്വറൻസ് നടപ്പാക്കുമ്പോൾ ഈ ബാധ്യത കുറയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

പദ്ധതി നടപ്പാക്കുന്നതിന് ഐ. ആർ. ഡി.എ അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽ നിന്ന് അപേക്ഷ ക്ഷണിക്കുമ്പോൾ നാല് പൊതു മേഖലാ കമ്പനികൾക്ക് മുൻഗണന നൽകാൻ തീരുമാനിച്ചു. പദ്ധതി നടപ്പായാൽ അംഗീകൃത ആശുപത്രികളിൽ നിന്ന് പണമടയ്ക്കാതെ ജീവനക്കാർക്കും പെൻഷൻകാർക്കും ചികിത്സ ലഭ്യമാകും. ചികിത്സാ ചെലവ് സർക്കാർ മുഖേന ഇൻഷ്വറൻസ് കമ്പനി ആശുപത്രികൾക്ക് നൽകും. ഔട്ട് പേഷ്യന്റ് ചികിത്സയ്ക്കും ഇൻഷ്വറൻസ് ആനുകൂല്യം ലഭിക്കും. നിലവിലുള്ള രോഗങ്ങളും ഇൻഷ്വറൻസിന്റെ പരിധിയിൽ വരുന്ന വിധത്തിലാണ് പദ്ധതി തയാറാക്കിയിട്ടുള്ളത്.

പി.എസ്.സിയിൽ 120 പുതിയ തസ്തിക

പി.എസ്.സിയിൽ വിവിധ വിഭാഗങ്ങളിലായി 120 പുതിയ തസ്തികകൾ സൃഷ്ടിക്കാൻ തീരുമാനിച്ചു. ആലപ്പുഴയിലെ അരൂരിലും കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടിയിലും പുതിയ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷനുകളിലേക്ക് 21 വീതം തസ്തികകളും ദേവികുളം സബ്കോടതിക്ക് 6 അധിക തസ്തികകളും സൃഷ്ടിക്കും. സിവിൽസപ്ലൈസ് കോർപറേഷൻ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കാനുള്ള നിർദ്ദേശം അംഗീകരിച്ചു. സ്റ്റേറ്റ് ഫാമിംഗ് കോർപറേഷനിലെ ടാപ്പിംഗ് സൂപ്പർവൈസർമാരുടെ ശമ്പളം പരിഷ്കരിക്കാൻ തീരുമാനിച്ചു.

മാർ ക്രിസോസ്റ്റത്തിന്റെ നൂറാം ജന്മദിനാഘോഷം

തിരുവനന്തപുരം: ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ വലിയ മെത്രാപ്പൊലീത്തയുടെ നൂറാം ജന്മദിനാഘോഷങ്ങൾക്ക് തുടക്കമായതായി ജന്മശതാബ്ദി ആഘോഷ സമിതി ജനറൽ കൺവീനർ വികാരി ജനറൽ ഡോ. ജയൻ തോമസ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. 27നാണ് നൂറാം പിറന്നാൾ.

ഞായറാഴ്ച ഉച്ചയ്ക്ക് ശേഷം മൂന്നിന് മുക്കോലയ്ക്കൽ സെന്റ് തോമസ് സ്കൂളിൽ നടക്കുന്ന അനുമോദന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. മാർത്തോമ സഭാദ്ധ്യക്ഷൻ ഡോ. ജോസഫ് മാർത്തോമ മെത്രാപ്പൊലീത്ത അദ്ധ്യക്ഷനാകും. രാജ്യസഭ ഉപാദ്ധ്യക്ഷൻ പി.ജെ. കുര്യൻ, മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടി, ലത്തീൻ കത്തോലിക്ക അതിരൂപത ആർച്ച് ബിഷപ് ഡോ. സൂസപാക്യം, മന്ത്രിമാരായ മാത്യു ടി. തോമസ്, തോമസ് ചാണ്ടി, ഒ. രാജഗോപാൽ എം.എൽ.എ എന്നിവർ സംസാരിക്കും.

സംവിധായകൻ ബ്ലസി മാർ ക്രിസോസ്റ്റത്തെ കുറിച്ച് തയ്യാറാക്കിയ ഡോക്യുമെന്ററി ചടങ്ങിൽ പ്രകാശനം ചെയ്യും. ജന്മദിനാഘോഷത്തിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം ഭദ്രാസനങ്ങളിൽ നിർമ്മിച്ച മൂന്ന് വീടുകളുടെ താക്കോൽ ദാനവും അഞ്ച് പെൺകുട്ടികളുടെ വിവാഹ സഹായ വിതരണവും നടക്കും. മാർ ക്രിസോസ്റ്റത്തിന്റെ ചിത്രം ആലേഖനം ചെയ്ത തപാൽ സ്റ്റാമ്പും പുറത്തിറക്കും.

ആദ്യ കേരള മന്ത്രിസഭയുടെ വജ്രജൂബിലി ആഘോഷങ്ങൾക്ക് ഇന്ന് തുടക്കം

തിരുവനന്തപുരം: ആദ്യ കേരള മന്ത്രിസഭയുടെ വജ്രജൂബിലി ആഘോഷം ഇന്ന് തുടങ്ങും. കനകക്കുന്ന് കൊട്ടാരം, നിശാഗന്ധി ഓഡിറ്റോറിയം, ടാഗോർ തിയേറ്റർ എന്നിവിടങ്ങളിലായി സെമിനാറുകൾ, വനിതാ പാർലമെന്റ്, ഫോട്ടോപ്രദർശനം, സാംസ്കാരിക പരിപാടികൾ എന്നിവ നടത്തും.

ഇന്ന് ഉച്ചകഴിഞ്ഞ് 2.30ന് കനകക്കുന്ന് കൊട്ടാരത്തിൽ നടക്കുന്ന സെമിനാർ സ്പീക്കർ പി. ശ്രീരാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. മന്ത്രി വി. എസ്. സുനിൽകുമാർ അദ്ധ്യക്ഷനായിരിക്കും. ഡോ. സെബാസ്റ്റ്യൻ പോൾ വിഷയം അവതരിപ്പിക്കും. അഡ്വ. എ. സമ്പത്ത് എം.പി, എം. എൽ. എമാരായ കെ. എം. മാണി, വി.എസ്. ശിവകുമാർ, ഒ. രാജഗോപാൽ, മുൻ എം. എൽ. എ കെ. പ്രകാശ് ബാബു എന്നിവർ പങ്കെടുക്കും.

ഇന്ന് വൈകിട്ട് 6.30ന് നിശാഗന്ധിയിൽ നടക്കുന്ന സംസ്കാരിക പരിപാടിയിൽ മജിഷ്യൻ മുതുകാട് ഇന്ററാക്ടീവ് മാജിക് ഫിനാലെ അവതരിപ്പിക്കും. 26ന് വൈകിട്ട് 5ന് സമാപന സമ്മേളനം നിശാഗന്ധിയിൽ ഗവർണർ പി. സദാശിവം ഉദ്ഘാടനം ചെയ്യും.

കെ.എസ്.ആർ.ടി.സി പെൻഷൻകാർ അനിശ്ചിതകാല സമരം ആരംഭിച്ചു

തിരുവനന്തപുരം: രണ്ടുമാസത്തെ പെൻഷൻ മുടങ്ങിയതിൽ പ്രതിഷേധിച്ച് കെ.എസ്.ആർ.ടി.സി പെൻഷൻകാർ സെക്രട്ടേറിയറ്റ് പെൻഷണേഴ്സ് ഓർഗനൈസേഷന്റെ നേതൃത്വത്തിൽ അനിശ്ചിതകാല സമരം ആരംഭിച്ചു. സെക്രട്ടേറിയറ്റിനു മുന്നിൽ നടന്ന ധർണ സി.ഐ.ടി.യു സംസ്ഥാന സെക്രട്ടറി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു. പെൻഷൻ പൂർണമായും സർക്കാർ ഏറ്റെടുത്തുകൊണ്ട് എൽ.ഡി.എഫ് കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് നൽകിയ വാഗ്ദാനം പാലിക്കണമെന്ന് ശിവൻകുട്ടി ആവശ്യപ്പെട്ടു. ലേബർ യൂണിയൻ സംസ്ഥാന ജനറൽ സെക്രട്ടറി തകിടി കൃഷ്ണൻ നായർ, ഓർഗനൈസേഷൻ ഭാരവാഹികളായ എ. സെയ്നുലാബ്ദീൻ, കെ. സതീശൻ, വഞ്ചിയൂർ ഗോപാലകൃഷ്ണൻ, എം. നാഗരാജൻ ആശാരി എന്നിവർ സംസാരിച്ചു.

ധർണയുടെ ഭാഗമായി രക്തസാക്ഷിമണ്ഡപത്തിൽ നിന്ന് സെക്രട്ടേറിയറ്റിലേക്ക് നടത്തിയ പ്രകടനത്തിന് ജില്ലാ ഭാരവാഹികളായ കെ. ജോൺ, അഷറഫ്, സി. സുരേന്ദ്രൻനായർ എന്നിവർ നേതൃത്വം നൽകി.

വിളംബരം

മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മിഷൻ : പരാതി സമർപ്പിക്കാം



തിരുവനന്തപുരം

കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മിഷൻ തീർപ്പാക്കിയ കേസുകളിൽ കടാശ്വാസ തുക ലഭിക്കാത്തത് സംബന്ധിച്ചും, കടാശ്വാസവുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും കാര്യത്തിലും പരാതി ഉണ്ടെങ്കിൽ അപേക്ഷാരജിസ്റ്റർ നമ്പർ സഹിതം സെക്രട്ടറി, കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ, റ്റി.സി-11/884, നളന്ദ റോഡ്, നന്തൻകോട്, കവടിയാർ.പി.ഒ, തിരുവനന്തപുരം - 695003 എന്ന വിലാസത്തിൽ അയയ്ക്കണം.

കമ്പ്യൂട്ടർ അദ്ധ്യാപക ഒഴിവ്

കൈമനം സർക്കാർ വനിതാ പോളിടെക്നിക്കിന്റെ കീഴിലുള്ള തുടർവിദ്യാഭ്യാസ കേന്ദ്രത്തിൽ ഡി.സി.എ കോഴ്സ് പഠിപ്പിക്കുന്നതിന് അദ്ധ്യാപകരുടെ ഒഴിവുണ്ട്. യോഗ്യത- പി.ജി.ഡി.സി.എ, കമ്പ്യൂട്ടർ എൻജിനീയറിംഗിൽ മൂന്നു വർഷ ഡിപ്ലോമ/തത്തുല്യ യോഗ്യത. താത്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുമായി 22ന് രാവിലെ പത്തിന് വനിത പോളിടെക്നിക്കിലെ തുടർവിദ്യാഭ്യാസ കേന്ദ്രത്തിൽ എത്തണം.

മുൻഗണനാ പട്ടിക പ്രസിദ്ധീകരിച്ചു

ജലസേചന വകുപ്പിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരുടെ (ഓഫീസ് അറ്റൻഡന്റ്, ലസ്കർ, വാച്ചർ തസ്തികകളിലെ) 2016 ജൂൺ ഒന്നിലെ ഏകീകരിച്ച മുൻഗണനാ പട്ടിക അന്തിമമായി പ്രസിദ്ധീകരിച്ചു. ഗസറ്റിലും വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും ലഭ്യമാണ്.

ശിശുവിദ്യാഭ്യാസ അദ്ധ്യാപന പരിശീലനം

തിരുവനന്തപുരം: ദേശീയ ശിശുക്ഷേമ സംഘടനയായ നാഷണൽ ചൈൽഡ് ഡെവലപ്മെന്റ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ ശിശുവിദ്യാഭ്യാസ അദ്ധ്യാപന പരിശീലന കോഴ്സുകളുടെ 25ാം ബാച്ചിലേക്ക് വനിതകളിൽനിന്ന് അപേക്ഷ ക്ഷണിച്ചു. സർട്ടിഫിക്കറ്റ് ഇൻ ഇന്റർനാഷണൽ പ്രീ- സ്കൂൾ ടി.ടി.സി (ഒരു വർഷം, യോഗ്യത: പ്ലസ്ടു), ഡിപ്ലോമ ഇൻ ഇന്റർനാഷണൽ മോണ്ടിസോറി ടി.ടി.സി (ഒരു വർഷം, യോഗ്യത പ്ലസ്ടു), അഡ്വാൻസ്ഡ് ഡിപ്ലോമ ഇൻ ഇന്റർനാഷണൽ മോണ്ടിസോറി ടി.ടി.സി (ഒരു വർഷം, യോഗ്യത: രണ്ടുവർഷ ടി.ടി.സി/രണ്ടുവർഷ പി.ടി.ടി.സി), പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ഇന്റർനാഷണൽ മോണ്ടിസോറി ടി.ടി.സി (ഒരു വർഷം, യോഗ്യത: ഏതെങ്കിലും വിഷയത്തിൽ ഡിഗ്രി) എന്നിവയാണ് കോഴ്സുകൾ. റഗുലർ, ഹോളിഡേ, ഡിസ്റ്റൻസ് ബാച്ചുകളുണ്ട്. തിരുവനന്തപുരം, ആറ്റിങ്ങൽ എന്നിവയാണ് പഠനകേന്ദ്രങ്ങൾ. അദ്ധ്യാപനത്തിൽ അഭിരുചിയുള്ളവർക്ക് പകുതി ഫീസാനുകൂല്യം ലഭിക്കും. ഫോൺ: 9846808283.

സർവകലാശാല വാർത്തകൾ

കേരള

www.kerala university.ac.in

ലക്ചറർ: അപേക്ഷ ക്ഷണിച്ചു

ആർക്കിയോളജി പഠനവകുപ്പിൽ കരാറടിസ്ഥാനത്തിൽ ലക്ചറർ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. അവസാന തീയതി മേയ് അഞ്ച്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ Job Notifications ലിങ്കിൽ.

എൽ എൽ.ബി ടൈംടേബിൾ

ഒന്നാം സെമസ്റ്റർ (ത്രിവത്സരം), അഞ്ചാം സെമസ്റ്റർ പഞ്ചവത്സരം (2011-12-ന് മുമ്പുള്ള അഡ്മിഷൻ) എൽഎൽ.ബി പരീക്ഷകൾ 27-ന് ആരംഭിക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

ബി.ആർക് പരീക്ഷ

മേയ് 17-ന് ആരംഭിക്കുന്ന എട്ടാം സെമസ്റ്റർ ബി.ആർക് (2013 സ്കീം) റഗുലർ പരീക്ഷയ്ക്ക് പിഴകൂടാതെ 26 (50 രൂപ പിഴയോടെ 29, 125 രൂപ സൂപ്പർ ഫൈനോട് കൂടി മേയ് മൂന്ന്) വരെ ഫീസടച്ച് അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പ്രാക്ടിക്കൽ ക്ലാസുകൾ മാറ്റി

വിദൂരവിദ്യാഭ്യാസ പഠനകേന്ദ്രം നടത്തുന്ന മൂന്നാം വർഷ ബി.സി.എയുടെ 22, 23 തീയതികളിൽ നടത്താനിരുന്ന പ്രാക്ടിക്കൽ ക്ലാസുകൾ മാറ്റിവച്ചു. .

എം.എസ്‌സി ഇലക്ട്രോണിക്സ് പ്രാക്ടിക്കൽ

ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ എം.എസ്‌സി ഇലക്ട്രോണിക്സ് പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ 24, 25 തീയതികളിൽ അതത് കേന്ദ്രങ്ങളിൽ നടക്കും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

ബി.എച്ച്.എം ഫലം

രണ്ടാം സെമസ്റ്റർ ബാച്ചിലർ ഒഫ് ഹോട്ടൽമാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം.) യുടെ (2014 സ്കീം - റഗുലർ ആൻഡ് സപ്ലിമെന്ററി, 2011 & 2006 സ്കീം സപ്ലിമെന്ററി) പരീക്ഷാഫലം വെബ്സൈറ്റിൽ.

ബി.എച്ച്.എം ടൈം ടേബിൾ

ഒന്നാം സെമസ്റ്റർ ബാച്ചിലർ ഓഫ് ഹോട്ടൽമാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി (ബി.എച്ച്.എം) പരീക്ഷ 24-ന് ആരംഭിക്കും. ടൈംടേബിൾ വെബ്സൈറ്റിൽ.

പരീക്ഷാ കേന്ദ്രങ്ങൾക്ക് മാറ്റം

മേയ് ഒമ്പതിന് ആരംഭിക്കുന്ന സി.ബി.സി.എസ്.എസ് ബി.എ/ ബി.എസ്‌സി/ ബി.കോം (മൂന്ന്, അഞ്ച്, ആറ് സെമസ്റ്ററുകൾ - 2010 മേഴ്സി ചാൻസ് 2011, 2012 അഡ്മിഷൻ കുട്ടികൾ) പരീക്ഷകൾക്ക് പരീക്ഷാ കേന്ദ്രങ്ങൾ തിരുവനന്തപുരം എം.ജി. കോളേജ്, കൊല്ലം ശാസ്താംകോട്ട ഡി.ബി കോളേജ്, ആലപ്പുഴ എസ്.ഡി. കോളേജ്, പത്തനംതിട്ട അടൂർ സെന്റ് സിറിൾസ് കോളേജ് എന്നിങ്ങനെ പരിമിതപ്പെടുത്തിയിരിക്കുന്നു. കുട്ടികൾ അവരവരുടെ കോളേജുകളിൽ നിന്നും ഹാൾ ടിക്കറ്റ് വാങ്ങി നിർദ്ദിഷ്ട പരീക്ഷാകേന്ദ്രങ്ങളിൽ പരീക്ഷ എഴുതണം.

എം.ജി

www.mgu.ac.in

പരീക്ഷാതീയതി

ഒന്നാം സെമസ്റ്റർ ബി. വോക് (2016 അഡ്മിഷൻ റഗുലർ ആൻഡ് 2014, 2015 അഡ്മിഷൻ റീഅപ്പിയറൻസ്/ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ മേയ് 5ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ 25 വരെയും 50 രൂപ പിഴയോടെ 26 വരെയും 500 രൂപ സൂപ്പർഫൈനോടെ 28 വരെയും സ്വീകരിക്കും.

നാലാം സെമസ്റ്റർ എം. എച്ച്. ആർ. എം (പുതിയ സ്കീം-2015 അഡ്മിഷൻ റഗുലർ/2015 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ മേയ് 17ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ മേയ് 2 വരെയും 50 രൂപ പിഴയോടെ 3 വരെയും 500 രൂപ സൂപ്പർഫൈനോടെ 5 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ 150 രൂപയും വീണ്ടുമെഴുതുന്നവർ ഒരു പേപ്പറിന് 30 രൂപ വീതവും (പരമാവധി 150) സി.വി ക്യാമ്പ് ഫീസായി നിശ്ചിത പരീക്ഷാഫീസിന് പുറമേ അടക്കണം. റഗുലർ വിദ്യാർത്ഥികൾ 100 രൂപ പ്രൊവിഷണൽ സർട്ടിഫിക്കറ്റ് ഫീസായും അടയ്ക്കണം.

ഒന്നാം സെമസ്റ്റർ ബി.പി.ഇ (2016 അഡ്മിഷൻ റഗുലർ) ഡിഗ്രി പരീക്ഷ 28നും രണ്ടാം സെമസ്റ്റർ ബി.പി.ഇ (2016 അഡ്മിഷൻ റഗുലർ) ഡിഗ്രി പരീക്ഷകൾ മേയ് 3 മുതലും നടത്തും.

എൽ എൽ.എം ഓഫ് കാമ്പസ് പരീക്ഷ

സൗത്ത് കൊൽക്കൊത്ത ലാ കോളേജ് കേന്ദ്രത്തിലെ 2017 ഏപ്രിൽ /മേയ് മാസങ്ങളിലെ ഓഫ് കാമ്പസ് എൽ എൽ.എം പരീക്ഷകൾ കേരളത്തിലെ പരീക്ഷാകേന്ദ്രത്തിൽ നടത്തും.

പിഎച്ച്.ഡി അഭിരുചി പരീക്ഷ

പി എച്ച്. ഡി രജിസ്ട്രേഷന് മുന്നോടിയായുള്ള അഭിരുചി നിർണയപരീക്ഷയ്ക്ക് ഓൺലൈനായി മേയ് 15 വരെ അപേക്ഷ സ്വീകരിക്കും. ഏതെങ്കിലും വിഷയത്തിൽ 55 ശതമാനം മാർക്കോടെ (എസ്.സി/ എസ്.ടി വിഭാഗത്തിന് 50 ശതമാനം) അംഗീകൃത ബിരുദാനന്തരബിരുദം നേടിയവർക്ക് അപേക്ഷിക്കാം. അപേക്ഷാ ഫീസ് 1000 രൂപ (എസ്.സി/എസ്.ടി - 500). ഫീസ് ഓൺലൈനായി അടയ്ക്കണം. ഓൺലൈൻ അപേക്ഷകൾക്കും പരീക്ഷാഷെഡ്യൂളിനും വിശദവിവരങ്ങൾക്കും www.phd.mgu.ac.in സന്ദർശിക്കുക. ഫോൺ : 0481 2732947, ഇ മെയിൽ: wat.eb10@mgu.ac.in.

സിൻഡിക്കേറ്റ് യോഗം

സർവകലാശാലാ സിൻഡിക്കേറ്റ് യോഗം 29ന് രാവിലെ 10.30ന് സിൻഡിക്കേറ്റ് ഹാളിൽ നടത്തും.

പരീക്ഷാ പരിശീലനം

യു. ജി. സി നടത്തുന്ന മാനവിക വിഷയങ്ങൾക്കുള്ള നെറ്റ്/ജെ.ആർ.എഫ്. പരീക്ഷയുടെ ജനറൽ പേപ്പറിന് വേണ്ടിയുള്ള പരിശീലനം മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആൻഡ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ തുടങ്ങും. യൂണിവേഴ്സിറ്റി കാമ്പസിൽ നടത്തുന്ന പരിശീലനത്തിൽ പങ്കെടുക്കേണ്ടവർ കോഴ്സ് ഫീസായ 2000 രൂപയടച്ച് പേര് രജിസ്റ്റർ ചെയ്യണം. പട്ടികജാതി/പട്ടികവർഗ/വികലാംഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് 50 ശതമാനം ഫീസിളവ് ഉണ്ടായിരിക്കും. ഫോൺ : 0481 2731025.

കാലിക്കറ്റ്

www. university ofcalicut.info

ഹാൾടിക്കറ്റ്

28-ന് ആരംഭിക്കുന്ന കോളേജ് വിദ്യാർത്ഥികൾക്കുള്ള ഒന്നാം വർഷ ബി.കോം/ബി.ബി.എ/ ബി.കോം (വൊക്കേഷണൽ)/ബി.ടി.എച്ച്.എം /ബി.എച്ച്.എ/ ബി.കോം (ഓണേഴ്സ്) റഗുലർ/സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് (സി.യു.സി.ബി.സി.എസ്.എസ്) പരീക്ഷാ ഹാൾടിക്കറ്റ് സർവകലാശാലാ വെബ്സൈറ്റിൽ.

സീറ്റ് ഒഴിവ്

നിയമ പഠനവകുപ്പിൽ നടത്തുന്ന എൽ. എൽ. എം (സ്വാശ്രയം) പ്രവേശനത്തിന് ഒഴിവുള്ള സീറ്റുകളിലേക്ക് 26-ന് പ്രവേശന പരീക്ഷയും സ്പോട്ട് അഡ്മിഷനും നടത്തും. യോഗ്യരായവർ ഇ-പെയ്മെന്റായി 500 രൂപ (എസ്.സി/എസ്.ടി-170 രൂപ) ഫീ അടച്ച് www.cuonline.ac.in ലെ എൻട്രൻസ് കോഴ്സസ് ലിങ്കിലൂടെ ഓൺലൈൻ രജിസ്ട്രേഷൻ പോർട്ടലിൽ ഇ-ചെലാൻ നമ്പരും പാസ്‌വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് 25-നകം അപേക്ഷിക്കണം. പ്രവേശന പരീക്ഷയ്ക്ക് ഹാജരാകുന്നവർ അപേക്ഷയുടെ പ്രിന്റൗട്ട്, ചെലാൻ, സർട്ടിഫിക്കറ്റുകൾ എന്നിവ കൊണ്ടുവരണം. പ്രവേശന പരീക്ഷ വിജയിക്കുന്നവരുടെ റാങ്ക്‌ലിസ്റ്റ് തയാറാക്കി സ്പോട്ട് അഡ്മിഷൻ നടത്തും.

എം.ബി.എ പ്രവേശനം

കൊമേഴ്സ് ആൻഡ് മാനേജമെന്റ് പഠനവകുപ്പ്, സർവകലാശാലാ സ്വാശ്രയ കേന്ദ്രങ്ങൾ (ഫുൾടൈം /പാർട്ട്ടൈം), സ്വാശ്രയ കോളേജുകൾ എന്നിവയിൽ എം.ബി.എ പ്രവേശനത്തിന് ഏപ്രിലിൽ പ്രസിദ്ധീകരിച്ച കെമാറ്റ് പ്രവേശന പരീക്ഷ യോഗ്യത നേടിയവർക്ക് അപേക്ഷിക്കാം. ഇ-പേമെന്റായി 500 രൂപ (എസ്.സി/എസ്.ടി-167 രൂപ) ഫീ അടച്ച് 29-ന് വൈകിട്ട് അഞ്ച് മണിക്കകം ഓൺലൈനിൽ രജിസ്റ്റർ ചെയ്യണം. വിവരങ്ങൾക്ക് www.cuonline.ac.in വെബ്സൈറ്റിലെ ഏപ്രിൽ അഞ്ചിലെ എം.ബി.എ വിജ്ഞാപനം കാണുക. ഫോൺ: 0494 2407016, 2407017.

മൂല്യനിർണയ ക്യാമ്പ്

എം.എ മലയാളം (സി.യു.സി.എസ്.എസ്) ഒന്നും മൂന്നും സെമസ്റ്റർ ഡിസംബർ 2016 പരീക്ഷകളുടെ മൂല്യനിർണയ ക്യാമ്പ് 25 മുതൽ പട്ടാമ്പി എസ്.എൻ.ജി.എസ് കോളേജിൽ നടക്കും. പി.ജി ക്ലാസുകൾ പഠിപ്പിക്കുന്ന ഒരു വർഷത്തിൽ കൂടുതൽ അദ്ധ്യാപന പരിചയമുള്ളവർ പങ്കെടുക്കണമെന്ന് പരീക്ഷാ കൺട്രോളർ അറിയിച്ചു.

ബി.എം.എം.സി പരീക്ഷ അപേക്ഷ

പ്രൈവറ്റ് രജിസ്ട്രേഷൻ മോഡിൽ രജിസ്റ്റർ ചെയ്ത ഒന്നാം സെമസ്റ്റർ ബി.എം.എം.സി (സി.യു.സി.ബി.സി.എസ്.എസ്) സപ്ലിമെന്ററി/ഇംപ്രൂവ്മെന്റ് പരീക്ഷകൾക്ക് ഓൺലൈനിൽ അപേക്ഷിക്കാനുള്ള സൗകര്യം 22 വരെ ലഭ്യമാവും.

പരീക്ഷാ അപേക്ഷ

ഒന്ന്, രണ്ട്, നാല്, ആറ് സെമസ്റ്റർ ബി.ടെക്/ബി.ആർക് (2004 സ്കീം, 2004 മുതൽ 2007 പ്രവേശനം), എട്ടാം സെമസ്റ്റർ (2004 മുതൽ 2008 വരെ പ്രവേശനം) സപ്ലിമെന്ററി പരീക്ഷക്ക് പിഴകൂടാതെ മേയ് നാല് വരെയും 150 രൂപ പിഴയോടെ മേയ് എട്ട് വരെയും ഓൺലൈനിൽ അപേക്ഷിക്കാം. 2004 സ്കീം വിദ്യാർത്ഥികൾക്ക് ഇത് അവസാന അവസരമായിരിക്കും.

പി.എസ്.സി

www.kerala psc.gov.in

വൺ ടൈം വെരിഫിക്കേഷൻ

കാറ്റഗറി നമ്പർ 361/2016 പ്രകാരം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ മീറ്റർ റീഡർ/സ്പോട്ട് ബില്ലർ (പട്ടികവർഗക്കാരിൽ നിന്നുള്ള പ്രത്യേകനിയമനം) തസ്തികയുടെ വൺ ടൈം വെരിഫിക്കേഷൻ 24 മുതൽ 29 വരെയുള്ള ആറു ദിവസങ്ങളിലായി കെ.പി.എസ്.സി തിരുവനന്തപുരം ആസ്ഥാന ഓഫീസിൽ നടത്തും.

ഇന്റർവ്യൂ

കാറ്റഗറി നമ്പർ 11/2015 പ്രകാരം കാസർകോട് ജില്ലയിൽ ആരോഗ്യ വകുപ്പിൽ ഫാർമസിസ്റ്റ് ഗ്രേഡ് 2 തസ്തികയുടെ ചുരുക്കപ്പട്ടികയിലുൾപ്പെട്ട് സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ഹാജരായി യോഗ്യത തെളിയിച്ച ഉദ്യോഗാർത്ഥികളുടെ ഇന്റർവ്യൂ 26, 27, 28 തീയതികളിൽ കാസർകോട് ജില്ലാ പി.എസ്.സി ഓഫീസിൽ വച്ചും കാറ്റഗറി നമ്പർ 480/2015 പ്രകാരം പരിസ്ഥിതി കാലാവസ്ഥാന വ്യതിയാന വകുപ്പിൽ എൻവയൺമെന്റ് പ്രോഗ്രാം മാനേജർ തസ്തികയുടെ ഉദ്യോഗാർത്ഥികളുടെ അഭിമുഖം 27നും കാറ്റഗറി നമ്പർ 399/2013 പ്രകാരം കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (തസ്തികമാറ്റം വഴി) ഇന്റേണൽ തസ്തികയിലുൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ അഭിമുഖം 26, 27 തീയതികളിലും കാറ്റഗറി നമ്പർ 387/2013 പ്രകാരം കോമേഴ്സ്യൽ ടാക്സസ് വകുപ്പിൽ കൊമേഴ്സ്യൽ ടാക്സ് ഓഫീസർ തസതികയുടെ ഇന്റർവ്യൂ മേയ് 3 മുതൽ 19 വരെയും കെ.പി.എസ്.സി തിരുവനന്തപുരം ആസ്ഥാന ഓഫീസിൽ നടത്തും.